# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No.** 11 : നവംബർ 2016 — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര


## *ധർമ്മ വാണി*

*ജാഗോ ലോഗോ ജഗത്കെ,*
*ബീതീ കാലീ രാത്,*
*ഹുവാ ഉജാലാ ധർമ്മ കാ,*
*മംഗൾ ഹുവാ പ്രഭാത്.*

ലോകത്തിലെ ജനങ്ങളെ, എഴുന്നേൽക്കൂ,
ഇറുട്ടുള്ള രാത്രി കഴിഞ്ഞു പോയി,
ധർമ്മത്തിൻറെ പ്രകാശം തെളിഞ്ഞിരിക്കുന്നു,
മംഗളം നിറഞ്ഞ പ്രഭാതം വരവായി.

— **എസ. എൻ. ഗോയങ്ക**

# ഗൃഹസ്ഥരുടെ ആചാര-നിയമാവലി-2

**എസ. എൻ. ഗോയങ്ക**

തുടർന്ന്...ഇതെ പ്രകാരം നാലു പ്രകാരത്തിലുള്ള ശരിയായ സുഹൃത്തുക്കളെ തൻറെ നന്മ ആഗ്രഹിക്കുന്നവനായി കരുതി അവരുടെ കൂട്ടു കൂടുന്നതിൽ നന്മയുണ്ട്. –

**1. ഉപകാരം ചെയ്യുന്ന മിത്രൻ – ഈ വ്യക്തി –**

1. കഷ്ടത്തിൽ പെട്ട സുഹൃത്തിനെ ആപത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നു.
2. കഷ്ടത്തിൽ പെട്ട സുഹൃത്തിൻറെ സമ്പത്ത് നഷ്ടമാകുന്നതിൽ നിന്ന് രക്ഷപ്പെടുത്തുന്നു.
3. ആപത്തിൽ പെട്ട സുഹൃത്തിന് ശരണം നൽകുന്നു.
4. വേണ്ടിവരുമ്പോൾ സുഹൃത്തിൻറെ ആവശ്യത്തിൻറെ ഇരട്ടി നൽകുന്നു.

**2. ദുഖത്തിലും സുഖത്തിലും സമാനമായ സുഹൃത്ത്** – ഇത്തരം സുഖ-ദുഖത്തിലെ തുണ –

1. തൻറെ സ്വകാര്യം പോലും സുഹൃത്തിനെ അറിയിക്കുന്നു.
2. സുഹൃത്തിൻറെ സ്വകാര്യമായ കാര്യങ്ങൾ മറ്റവരിൽ നിന്ന് സ്വകാര്യമായി സൂക്ഷിക്കുന്നു.
3. ആവശ്യത്തിൽ സുഹൃത്തിൻറെ കൂട്ടു വിടുന്നില്ല.
4. ആവശ്യമായാൽ സുഹൃത്തിനു വേണ്ടി തൻറെ പ്രാണൻ പോലും കൊടുക്കാൻ തയ്യാറായിരിക്കുന്നു.

**3.നന്മ ആഗ്രഹിക്കുന്ന സുഹൃത്ത്** – നല്ലതും, കെട്ടതും മനസ്സിലാക്കി തരുന്ന ഈ വ്യക്തി –

1. സുഹൃത്തിനെ പാപത്തിൽ നിന്ന് രക്ഷിക്കുന്നു.
2. സുഹൃത്തിനെ പുണ്യത്തിൽ ഏർപ്പെടുത്തുന്നു.
3. സുഹൃത്തിനെ (കേൾക്കാത്ത) ധർമ്മം കേൾപ്പിക്കുന്നു.
4. സുഹൃത്തിന് സദ്ഗതിയുടെ മാർഗ്ഗം കാണിച്ചു കൊടുക്കുന്നു.

**4.ദയ കാണിക്കുന്ന സുഹൃത്ത്** – സഹാനുഭൂതി കാണിക്കുന്ന ഇത്തരം വ്യക്തി –

1. സുഹൃത്ത് ധനഹീനനാകുമ്പോൾ പ്രസന്ന മാകാറില്ല.
2. സുഹൃത്ത് ധനികനാകുമ്പോൾ പ്രസന്ന മാകുന്നു.
3. സുഹൃത്തിനെ നിന്ദിക്കുന്നവരെ തടയുന്നു.
4. സുഹൃത്തിനെ പ്രശംസിക്കുനനവരെ പ്രോ ത്സാഹിപ്പിക്കുന്നു.

ഇങ്ങനെ സാലു തരത്തിലുള്ള കുമിത്രന്മാരുടെ കൂട്ടു വിട്ട്, നാലു തരത്തിലുള്ള സുമിത്രന്മാരുടെ ഒപ്പം കൂട്ടു കൂടിയ ഗൃഹസ്ഥൻ ഗൃഹീ ആപത്തിൽ നിന്ന് രക്ഷപ്പെടുന്നു, സമ്പത്തിശാലിയായിത്തീരുന്നു.

അതു കഴിഞ്ഞിട്ട് ഭഗവാൻ സേട്ഠുപുത്രൻ സിഗാലന് ആര്യ ധർമ്മത്തിൽ ആറു ദിശകളുടെ ശരിയായ പൂജാ-വിധി പഠിപ്പിച്ചു മനസ്സിലാക്കി. എപ്രകാരം ഒരു വ്യക്തി ദിശകളെ ധർമ്മപൂർവ്വം മൂടി(ആച്ഛാദനം) ക്കൊണ്ട്, അതായത് ധർമ്മപൂർവ്വം ജീവിതം ജീവിച്ച് സകല ദിശകളിലും തൻറെ സുരക്ഷ സ്ഥാപിതമാക്കുന്നു.

**ആറു ദിശകളെന്താണ്?**

അമ്മ-അച്ഛന് പൂർവ്വ ദിശ, ഗുരുജനങ്ങൾക്ക് ദക്ഷിണ ദിശ, ഭാര്യ-പുത്രന്മാർക്ക് പടിഞ്ഞാറു ദിശ, മിത്രസുഹൃത്തുമാർക്ക് കെഴക്ക് ദിശ, ദാസി-ദാസൻ, വേലക്കാർക്ക് താഴോട്ടുള്ള ദിശ, ശ്രമണ-ബ്രാഹ്മണ ന്മാർക്ക് മുകളിലെ ദിശ എന്ന് അറിയണം.

**1.അമ്മ-അച്ഛൻറെ സേവ** – അഞ്ചു പ്രകാരത്തിൽ അമ്മ-അച്ഛൻറെ സേവ ചെയ്യണം –

1. ഇവർ എന്നെ പരിപാലിച്ചു, ആയതിനാൽ ഞാനും ഇവരെ പരിപാലിക്കണം.
2. ഇവർ എന്നോടുള്ള കർതവ്യം പൂർത്തിയാക്കി. ഞാനും ഇവരോടുള്ള കർതവ്യം പൂർത്തിയാക്കണം.
3. ഇവർ കുല-വംശം നിലനിറുത്തിയിട്ടുണ്ട്, ഞാനും കുല-വംശം നിലനിറുത്തണം.
4. ഇവർ എനിക്ക് പിതൃ-സ്വത്ത് തന്നിട്ടുണ്ട്. ഞാനും പിതൃ-സ്വത്തിനെ അടുത്ത തലമുറക്ക് കൊടുക്കണം.
5. മരിച്ചുപോയ പിതൃക്കളുടെ പുണ്യത്തി നായി ശ്രദ്ധാപൂർവ്വം ദാനം കൊടുക്കണം.

ഇങ്ങനെ അഞ്ചു വിധത്തിൽ സേവിച്ച മാതാ-പിതാക്കൾ പുത്രന്മാരോട് അഞ്ചു തരത്തിൽ കൃപ കാണിക്കുന്നു.

1. അവരെ പാപകർമ്മത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നു.
2. അവരെ പുണ്യകർമ്മത്തിൽ ഏർപ്പെടു ത്തുന്നു.
3. അവരെ ശിൽപ-കല പഠിപ്പിക്കുന്നു.
4. യോഗ്യമായ ജീവിത-സംഗിനിയുമായി അവരുടെ വിവാഹം നടത്തിക്കൊടുക്കുന്നു.
5. സമയമാകുമ്പോൾ അവരുമായി പിതൃ സ്വത്ത് കൈ മാറുന്നു.

ഈ അഞ്ചു തരത്തിൽ സേവനം ലഭിച്ച മാതാ-പിതാ രൂപമായ പൂർവ്വ ദിശ പുത്രനോട് അഞ്ചു തരത്തിൽ ദയ(കൃപ) ചെയ്യുന്നു - ഇപ്രകാരം ഗൃഹസ്ഥന് പൂർവ്വ ദിശ ഛായാതണളിലാണ്, മൂടപ്പെട്ടിരിക്കുകയാണ്, യോഗ ക്ഷേമപൂർവ്വമാണ്, ഭയരഹിതമാണ്.

**2. ഗുരുജനങ്ങളുടെ സേവ** – ശിഷ്യന് അഞ്ചു പ്രക്രാരത്തിൽ വേണം ആചാര്യൻറെ സേവ ചെയ്യേണ്ടത്.

1. പ്രവർത്തിക്കാൻ തയ്യാറായി ഉണർ ന്നെഴുന്നേറ്റ്.
2. ആവശ്യ സമയത്ത് അവിടെ ഉണ്ടായിട്ട്.
3. ശിശ്രൂഷിച്ചിട്ട്.
4. പരിചരിച്ചിട്ട്.
5. ബഹുമാനപൂർവ്വം വിദ്യ പഠിച്ചിട്ട്.

ഇങ്ങനെ അഞ്ചു തരത്തിൽ സേവ ലഭിച്ച ആചാര്യൻ ശിഷ്യനോട് അഞ്ചു തരത്തിൽ കൃപ കാണിക്കുന്നു.

1. അവനെ സുവിനീതമാക്കുന്നു.
2. നല്ല പോലെ സുശിക്ഷണം ഗ്രഹിക്കാൻ പഠിപ്പിക്കുന്നു.
3. വിദ്യാ-ശിൽപം നഷ്ടപ്പെടാതിരിക്കണെ. ഈ യോഗ്യനായ ശിഷ്യനിൽകൂടി നില നിൽക്കട്ടെ, ഈ ഉദ്ദേശത്തോടെ അവനെ നല്ല പോലെ മനസ്സിലാക്കി ക്കൊടുക്കുന്നു.
4. ഒപ്പമുള്ള കൂട്ടുകാർക്ക് മുന്നിൽ വച്ച് പ്രശംസിച്ച് പ്രോത്സാഹിപ്പിക്കുന്നു.
5. സകല ദിശകളിലും സുരക്ഷിത നായിരിക്കാൻ അവന് അനുകൂലമായ ശിക്ഷണം നൽകുന്നു.

മുകളിൽ പറഞ്ഞ അഞ്ചു തരത്തിൽ ശിഷ്യനിൽ നിന്ന് സേവനം ലഭിച്ച ഗുരുജനരൂപമായ ദക്ഷിണ ദിശ ശിഷ്യനോട് അഞ്ചു തരത്തിൽ കൃപ ചെയ്യുന്നു. ഇപക്രാരം ദക്ഷിണദിശ ഛായാതണലിലാണ്, മൂടപ്പെട്ടിരിക്കുകയാണ്, സുരക്ഷിതമാണ്, ക്ഷേമയുക്ത മാണ്, ഭയരഹിതമാണ്.

**3. ഭാര്യയുടെ സേവ** – അഞ്ചു തരത്തിൽ ഭർത്താവ് ഭാര്യയെ സേവിക്കണം –

1. അവൾക്ക് ആദരവ് നൽകി.
2. അവളെ അപമാനിക്കാതെ.
3. വ്യഭിചാരത്തിൽ ഏർപ്പെടാതെ.
4. അവൾക്ക് ഐശ്വര്യം–പഭ്രുത്വം നൽകി.
5. അവൾക്ക് അലംഗാരം–ആഭൂഷണം നൽകി.

ഇങ്ങനെ സേവനം ലഭിച്ച ഭാര്യ ഭർത്താവിനോട് അഞ്ചു തരത്തിൽ കൃപ കാണിക്കുന്നു.

1. വീടു നടത്തുക എന്ന കർതവ്യം നല്ല രീതിയിൽ നിറവേറ്റുന്നു.
2. സ്വജന–പരിജനങ്ങൾ, ദാസ–ദാസി, വേലക്കാരെ നല്ല പോലെ സന്തുഷ്ടരും, പസ്രന്നവും ആക്കിത്തീർക്കുന്നു.
3. വ്യഭിചാരിണിയല്ല അവൾ.
4. ഭർത്താവ് ആർജ്ജിച്ച ധനം സുരക്ഷിതമായി സൂക്ഷിക്കുന്നു.
5. എല്ലാ വീട്ടുകാര്യങ്ങളും ആലസ്യം കൂടാതെ കഴിവോടെ നോക്കി നടത്തുന്നു.

ഇങ്ങനെ അഞ്ചു തരത്തിൽ ഭർത്താവ് സേവിച്ച പശ്ചിമ(പടിഞ്ഞാറ്) ദിശാരൂപമായ ഭാര്യ അഞ്ചു തരത്തിൽ ഭർത്താവിനോട് കൃപ കാണിക്കുന്നു – ഇങ്ങനെ പടിഞ്ഞാറ് ദിശ ഛായാതൻലിലാണ്, മൂടപ്പെട്ടിരി ക്കുകയാണ്, സുരക്ഷിതമാണ്, ഭയവിഹീനമാണ്.

**4. സുഹൃത്തിൻറെ സേവ** – അഞ്ചു പക്രാരത്തിൽ സുഹൃത്തിൻറെ സേവ ചെയ്യണം.

1. കൊടുത്തിട്ട്.
2. പ്രയമായ വാക്കുകൾ പറഞ്ഞ്.
3. നന്മ ചെയ്ത.
4. സമാന–ഭാവം പക്രടമാക്കിയിട്ട്.
5. വാക്ക്–പാലനം കൊണ്ട് വിശ്വാസം ഉത്പന്നമാക്കിക്കൊണ്ട്.

ഇപക്രാരം സേവ ലഭിച്ച സുഹൃത്ത്, കൂട്ടുകാരൻ, പത്ര്യുപകാരമായി അഞ്ചു തരത്തിൽ കുല–പുതന്രായ ഗൃഹസ്ഥനോട് കൃപ കാണിക്കുന്നു –

1. ശദ്ധ്രയില്ലാത്തവനാകുമ്പോൾ അവനെ രക്ഷിക്കുന്നു.
2. ശദ്ധ്രയില്ലാത്തവനാകുമ്പോൾ അവൻറെ ധനത്തിനെ രക്ഷിക്കുന്നു.
3. ആപത്തുകാലത്ത് അഭയം നൽകുന്നു.
4. ആപത്തുകാലത്ത് അവനെ കൈ വിടുന്നില്ല.
5. അവൻറെ മറ്റു കുടുമ്പാങ്കങ്ങളൊട് ആദരവ് പാലിക്കുന്നു.

ഇപക്രാരം സേവിച്ച ഉത്തര ദിശാ രൂപമായ സുഹൃത്ത്, കൂട്ടുകാർ – പത്ര്യുപകാരമായി അഞ്ചു പക്രാരത്തിൽ കൃപ കാണിക്കുന്നു. ഇങ്ങനെ ഉത്തര ദിശ ഛായാ തണലിലാണ്, മൂടപ്പെട്ടിരിക്കുകയാണ്, സുരക്ഷിതമാണ്, ഭയ–വിഹീനമാണ്.

**5.വേലക്കാരുടെ സേവ** – അഞ്ചു പക്രാരത്തിൽ ഒടമസ്ഥൻ വേലക്കാരുടെ സേവ ചെയ്യണം.

1. അവന് ശക്തിയനുസരിച്ച് ജോലി കൊടുത്തിട്ട്.
2. അവന് ഊണും കൂലിയും കൊടുത്തിട്ട്.
3. രോഗം ബാധിച്ചാൽ അവനെ ശിശ്രൂഷിച്ചിട്ട്.
4. നല്ല ആഹാരം അവനുമായി പങ്കിയിട്ട്.
5. അവന് സമയത്തിന് ഒഴുവ് കൊടുത്തിട്ട്.

അഞ്ചു പക്രാരത്തിൽ സേവനം ലഭിച്ച സേവകൻ ഉടമസ്ഥനോട് അഞ്ചു പക്രാരത്തിൽ കൃപ കാണിക്കുന്നു–

1. ഉടമസ്ഥനു മുമ്പ് എഴുന്നേറ്റ്.
2. എല്ലാം കഴിഞ്ഞിട്ട് ഉറങ്ങുന്നവനായിട്ട്.
3. മോഷ്ടിക്കാറില്ല, കൊടുത്തതുമാതമ്രെ വാങ്ങൂ.
4. ജോലി നല്ലപോലെ നിറവേറ്റു ന്നവനായിരിക്കും.
5. സാഫല്യം, കീർത്തി പരത്തുന്ന വനായിരിക്കും.

ഇങ്ങനെ അഞ്ചു പക്രാരത്തിൽ സേവനം ലഭിച്ച താഴ്ഭാഗ ദിശാ രൂപമായ സേവകൻ ഉടമസ്ഥനോട് അഞ്ചു പക്രാരത്തിൽ കൃപ കാണിക്കും. ഇങ്ങനെ താഴോട്ടുള്ള ദിശ ഛായാതണലിലാണ്, മൂടപ്പെട്ടിരിക്കുകയാണ്,

സുരക്ഷിതമാണ്, ക്ഷേമപൂർണ്ണമാണ്, ഭയ-വിഹീനമാണ്.

**6.ശമ്രണ-ബ്രാഹ്മണരുടെ സേവ** – അഞ്ചു പക്രാരത്തിൽ വേണം കുലപുതന്റെ ശമ്രണ-ബ്രാഹ്മണരുടെ സേവ ചെയ്യേണ്ടത് –

1. മൈത്രീഭാവപൂർണ്ണമായ ശാരീരിക കർമ്മത്തോടെ.
2. മൈത്രീഭാവപൂർണ്ണമായ വാണീ കർമ്മത്തോടെ.
3. മൈത്രീഭാവപൂർണ്ണമായ മാനസിക കർമ്മത്തോടെ.
4. തുറന്ന മനസ്സോടെ മുന്നോട്ടുപോയി സ്വീകരിച്ചുകൊണ്ട്.
5. ലോകീയമായ ആവശ്യങ്ങളെ പൂർത്തിയാക്കിക്കൊടുത്തിട്ട്.

അഞ്ചു തരത്തിൽ സേവ ലഭിച്ച ശമ്രണ-ബ്രാഹ്മണന്മാർ ആറു തരത്തിൽ കുലപുതന്രോട് കൃപ കാണിക്കുന്നു-

1. പാപകർമ്മത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നു.
2. കുശലമായ കർമ്മങ്ങളിൽ ഏർപ്പെടുത്തുന്നു.
3. നന്മ ആഗ്രഹിച്ച് സഹാനുഭൂതി കാണിക്കുന്നു.
4. കേൾക്കാത്ത ധർമ്മം കേൾപ്പിക്കുന്നു.
5. കേട്ട ധർമ്മത്തിനെ വകതിരിച്ചു കൊടുത്ത് പുഷ്ടമാക്കുന്നു.
6. സദ്ഗതിയുടെ വഴി കാട്ടിക്കൊടുക്കുന്നു.

ഇങ്ങനെ അഞ്ചു പക്രാരത്തിൽ സേവിച്ച മുകൾ ദിശാ രൂപമായ ശമ്രണ-ബ്രഹ്മണന്മാർ ആറു തരത്തിൽ സദ്ഗൃഹസ്ഥനോട് കൃപ കാണിക്കുന്നു. ഇങ്ങനെ മുകൾ ദിശ ഛായാതണലിലാണ്, മൂടപ്പെട്ടിരിക്കുകയാണ്, സുരക്ഷിതമാണ്, ക്ഷേമപൂർണ്ണമാണ്, ഭയ-വിഹീനമാണ്.

സദ്ഗൃഹസ്ഥൻ സദ്ധർമ്മത്തിൻറെ ആചാര-നിയമാവലി ധാരണം ചെയ്തുകോണ്ട് ആറു ദിശകളിന്ന് ഭയമുക്തനായിത്തീരുന്നു.

ഭഗവാൻറെ ഈ മംഗളമായ ഉപദേശം കേട്ട് സേട്ഠുപുതന്റെ സിഗാലൻ ധന്യനായി. പാരമ്പര്യമായി വേരൂന്നിയ നിഷ്പ്രാണമായ കർമ്മാനുഷ്ഠാനങ്ങളിൽ നിന്ന് മുക്തി ലഭിച്ച്, സദ്ധർമ്മത്തിൻറെ ജീവിതത്തിനുവേണ്ടിയുള്ള വ്യവഹാര-പഥത്തിലൂടെ സഞ്ചരിച്ച് തൻറെ ഈ ലോകവും, പരലോകവും, രണ്ടും മെച്ചപ്പെടുത്താൻ കഴിഞ്ഞു.

വരൂ, ഗൃഹസ്ഥ-സാധകരെ! ഞങ്ങളും ഇതെ പക്രാരം ഈ മംഗളകരമായ ഗൃഹീ-ആചാര-നിയമാവലി ധാരണം ചെയ്ത് നമ്മളുടെ ഈ ലോകവും, പരലോകവും, രണ്ടും മെച്ചപ്പെടുത്താം, എന്നിട്ട് ശരിയായ അർത്ഥത്തിൽ മംഗള-ലാഭം നേടാം!